"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ്- വിവിധ പ്രവർത്തികൾക്ക് ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

G.O.(Rt)No.349/2025/F&P തീയതി,തിരുവനന്തപുരം, 26-05-2025

---

പരാമർശം:- കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 02-05-2025 ലെ HOKMB/8/2025-AI (Fin) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2025-26 സാമ്പത്തിക വർഷം അഴീക്കൽ, കൊല്ലം, വിഴിഞ്ഞം തുടങ്ങി മാരിടൈം ബോർഡിനു കീഴിലുള്ള മറ്റ് തുറമുഖങ്ങളുടെയും വികസന പ്രവർത്തനങ്ങൾക്കായി Development of non major ports എന്ന ശീർഷകത്തിലാണ് ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടുള്ളത്. അതിനാൽ മുൻവർഷങ്ങളിൽ തങ്കശ്ശേരി തുറമുഖ വികസനം, വിഴിഞ്ഞം കാർഗോ ഹാർബർ, ഡവലപ്മെന്റ് ഓഫ് കോസ്റ്റൽ ഷിപ്പിംഗ്, അഴീക്കൽ തുറമുഖ വികസനം എന്നീ ശീർഷകങ്ങളിൽ ഭരണാനുമതി ലഭിച്ച അഴീക്കൽ തുറമുഖത്തെ 2024-25 വർഷത്തെ വാർഷിക ഫീസും ഒറ്റത്തവണ രജിസ്ട്രേഷൻ ഫീസും നൽകുന്നത്, അഴീക്കൽ തുറമുഖത്തെ ഇ.ഡി.ഐ സെന്ററിലെ വി.പി.എൻ കണക്ഷന്റെ കുടിശ്ശിക അടയ്ക്കുന്നത്, കൊല്ലം തുറമുഖത്തെ ഡി.ജി കമ്മ്യൂണിക്കേഷൻ വാർഷിക ഫീസ് രജിസ്ട്രേഷൻ ഫീസ് ഒടുക്കുന്നത് തുടങ്ങിയ പ്രവർത്തികൾക്ക് 5051-02-200-86 - Development of Ports എന്ന ശീർഷകത്തിൽ ഫണ്ട് അനുവദിക്കണമെന്ന് കേരള മാരിടൈംബോർഡ് പരാമർശം കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയുണ്ടായി. അഴീക്കൽ തുറമുഖത്തെ 2024-25 വർഷത്തെ വാർഷിക ഫീസും ഒറ്റത്തവണ രജിസ്ട്രേഷൻ ഫീസും നൽകുന്നത്, അഴീക്കൽ തുറമുഖത്തെ ഇ.ഡി.ഐ സെന്ററിലെ വി.പി.എൻ കണക്ഷന്റെ കുടിശ്ശിക അടയ്ക്കുന്നത്, കൊല്ലം തുറമുഖത്തെ ഡി.ജി കമ്മ്യൂണിക്കേഷൻ വാർഷിക ഫീസ് രജിസ്ട്രേഷൻ ഫീസ് ഒടുക്കുന്നത് ഉൾപ്പെടെ ആകെ [1,10,000/-+ 3,35,885/-+1,60,000/-] 6,05,885/- രൂപ (ആറ് ലക്ഷത്തി അയ്യായിരത്തി എണ്ണൂറ്റി എൺപത്തി അഞ്ച് രൂപ മാത്രം) 5051-02-200-86 - Development of Ports എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU V K
UNDER SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
P Y Usha
Date: 26-05-2025 12:42:44

സെക്ഷൻ ഓഫീസർ